## പ്രോജക്റ്റ് അസിസ്റ്റന്റ്, ഡാറ്റ എൻട്രി ഓപ്പറേറ്റർ താത്കാലിക നിയമനം

പാരിസ്ഥിതിക അനുമതിയുമായി ബന്ധപ്പെട്ട അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു പ്രോജക്റ്റ് അസിസ്റ്റന്റ്, ഒരു ഡാറ്റ എൻട്രി ഓപ്പറേറ്റർ എന്നിവരുടെ സേവനം ജില്ലാ തലത്തിൽ ലഭ്യമാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞവയിലേക്ക് താത്കാലിക സേവനം ലഭ്യമാക്കുനതിനു താഴെ പറയുന്ന യോഗ്യത ഉള്ളതും, **38 വയസ്സിൽ** കവിയാത്തതുമായ സ്ത്രീ/ പുരുഷന്മാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

### 1.പ്രോജക്റ്റ് അസിസ്റ്റന്റ് യോഗ്യത

എൻവയോൺമെന്റൽ പഠനം / ശാസ്ത്രം / മാനേജ്മെന്റ് എന്നിവയി ലേതെങ്കിലും ബിരുദാനന്തരബിരുദം.

### 2.ഡാറ്റ എൻട്രി ഓപ്പറേറ്റർ യോഗ്യത

ഏതെങ്കിലും അംഗീകൃത സർവകലാശാലയിൽ നിന്നും ബിരുദം, അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള DCA , DTP പരിജ്ഞാനം.

ഇതുമായി ബന്ധപ്പെട്ട അപേക്ഷകൾ ജില്ലാ കളക്ടർ, സിവിൽ സ്റ്റേഷൻ,കൊല്ലം എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ ലഭ്യമാക്കേണ്ടതാണ്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി - **16.05.2017 വൈകുന്നേരം 5 മണി** .

അപേക്ഷ സമർപ്പിക്കുന്ന കവറിനു പുറത്ത് പാരിസ്ഥിതിക അനുമതി സംബന്ധിച്ച പ്രോജക്റ്റ് അസിസ്റ്റന്റ് നിയമനം, ഡാറ്റ എൻട്രി ഓപ്പറേറ്റർ നിയമനം ഏതാണോ ആവശ്യമുള്ളത് ആയത് രേഖപ്പെടുത്തി സമർപ്പിക്കേണ്ടാതാണ്. ഓരോ തസ്തികയ്ക്കും പ്രത്യേകം പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടാതാണ്. ഇത് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് കളക്ട്രേറ്റുമായി ബന്ധപ്പെടാവുന്നതാണ്.വേതന നിരക്കുകൾ സർക്കാർ ഉത്തരവുകൾക്ക് വിധേയം.

(ഒപ്പ്)
ജില്ലാ കളക്ടർ